"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 – കേരള സംസ്ഥാന സഹകരണ യൂണിയന് ധനസഹായം അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.106/2025/Co-Op തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം.57/2024/ധന തീയതി 17/07/2024
2. സ.ഉ (സാധാ) നം.76/2024/ധന തീയതി 31/08/2024
3. 15/11/2024 ലെ ചീഫ് സെക്രട്ടറിതല യോഗ മിനിറ്റ്സ്.
4. 16/12/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
5. സർക്കുലർ നം.35/2024/ധന തീയതി 12/06/2024
6. സ.ഉ (സാധാ) നം. 68/2025/സഹ തീയതി 03/02/2025
7. സഹകരണ സംഘം രജിസ്ട്രാറുടെ 15/02/2025 ലെ പി & എം ബി(6) 5428/2024നം. കത്ത്.

**ഉത്തരവ്**

പരമാർശം (1, 2) സർക്കാർ ഉത്തരവുകൾ പ്രകാരം തയ്യാറാക്കിയ 2024-25 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പിന്റെ പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് 15/11/2024 ൽ കൂടിയ ചീഫ് സെക്രട്ടറിതല കമ്മിറ്റി അംഗീകരിച്ചിരുന്നു. തുടർന്ന് പരാമർശം (6) സർക്കാർ ഉത്തരവ് പ്രകാരം പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് പ്രകാരമുള്ള തുക അനുവദിക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ സംസ്ഥാന സഹകരണ യൂണിയന് 2024-25 സാമ്പത്തികവർഷത്തിൽ 103.10 ലക്ഷം രൂപ അനുവദിക്കുന്ന പ്രപ്പോസലും ഉൾപ്പെട്ടിരുന്നു. 2024-25 സാമ്പത്തികവർഷത്തിൽ കേരള

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള ട്രെയിനിംഗ് കോളേജുകളുടെയും എക്സ്റ്റെൻഷൻ സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമായി **387.00** ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. അപ്രകാരം സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള വയനാട് സഹകരണ പരിശീലന കേന്ദ്രത്തിലെ ആൺകുട്ടികളുടെ ഹോസ്റ്റൽ നവീകരിക്കുന്നതിനായി **103.10** ലക്ഷം രൂപ (**2425-003-89-35 – 48.25** ലക്ഷം രൂപ, **2425-003-89-36 – 54.85** ലക്ഷം രൂപ) അനുവദിക്കുന്നത് സംബന്ധിച്ച പ്രപ്പോസൽ പരാമർശം **(4)** പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന സഹകരണ പരിശീലന കോളേജിന് നിർമ്മാണ പ്രവർത്തി ഒഴികെയുള്ള റിപ്പയർ ആൻഡ് മെയിന്റനൻസിനായി **2425-003-89-36** (സബ്സിഡി), **2425-003-89-35** (സബ്സിഡി-**1**) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും **103.10** ലക്ഷം രൂപ **2024-25** സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക, പരാമർശം **(5)** പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, **2024-25** സാമ്പത്തിക വർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി**1/213/2023**/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 25-02-2025 10:15:32
സെക്ഷൻ ഓഫീസർ

പകർപ്പ്:-1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ